പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2409 17.8.2017-ൽ മറുപടിയ്ക്ക്

# മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ.ജോർജ്.എം.തോമസ്** | അഡ്വ.കെ.രാജു<br>(വനം,മൃഗസംരക്ഷണം ക്ഷീരവികസനം,മൃഗശാല വകുപ്പ് മന്ത്രി) |
| എ) മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) മുട്ടയുടെയും മാംസത്തിന്റെയും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് മൃഗസംരക്ഷണ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വകുപ്പിന് കീഴിലുള്ള കോഴി ഫാമുകളിലെ ഉല്പാദന ക്ഷമത പൂർണ്ണമായി വിനിയോഗിച്ച് കോഴിക്കുഞ്ഞുങ്ങളെ ഉല്പാദിപ്പിച്ച് എഗ്ഗർ നഴ്സറികളുടെ സഹായത്തോടെ സ്കൂൾ കുട്ടികൾക്കും, കർഷകർക്കും വിതരണം ചെയ്യുന്നു. കൊല്ലം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, മലപ്പുറം, കണ്ണൂർ ജില്ലകളിലെ മുനിസിപ്പാലിറ്റികൾ /കോർപ്പറേഷനുകളിൽ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കൂട്ടുകളിൽ കോഴികളെ വളർത്തുന്ന പദ്ധതി നടപ്പിലാക്കുന്നു. 5 കോഴികൾ വീതമുള്ള 500 യൂണിറ്റുകൾ നടപ്പുവർഷം നടപ്പിലാക്കുവാൻ പദ്ധതി വിഭാവനം ചെയ്യുന്നു.<br>മൃഗസംരക്ഷണ വകുപ്പിന്റെയും, പട്ടികജാതി വികസന വകുപ്പിന്റെയും സംയുക്താഭിമുഖ്യത്തിൽ സംസ്ഥാനമൊട്ടാകെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 5600 ഗുണഭോക്താക്കൾക്ക് 56000 മുട്ടക്കോഴികളെ വിതരണം ചെയ്യുന്ന |

| | | |
|---|---|---|
| | | പദ്ധതിയും നടപ്പുവർഷം നടപ്പിലാക്കുന്നതാണ്. കൂടാതെ ഈ സാമ്പത്തിക വർഷം 10 താറാവുകൾ അടങ്ങുന്ന 4000 യൂണിറ്റ് സ്ഥാപിച്ചും മുട്ട ഉത്പാദനം കൂട്ടുവാൻ ലക്ഷ്യമിടുന്നു. മുട്ട, കോഴിയിറച്ചി എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കെപ്കോ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>1.കോഴി വളർത്തൽ പദ്ധതി(കുടുംബശ്രീ യൂണിറ്റുകൾ വഴി)<br>2.കോഴി വളർത്തൽ ഗ്രാമങ്ങൾ പദ്ധതി<br>3. കെപ്കോ ആശ്രയ പദ്ധതി<br>4. റൂറൽ ബാക്ക് യാർഡ് പദ്ധതി<br>5.കെപ്കോ നഗരപ്രിയ പദ്ധതി<br>6.കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി<br>7.കോൾ നിലങ്ങളിലെ കോഴിവളർത്തൽ പദ്ധതി<br>8. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി<br>9.ഇന്റഗ്രേഷൻ പദ്ധതി<br>കൂടാതെ കുടുംബശ്രീയുമായി സഹകരിച്ച് ഇറച്ചി കോഴി വളർത്തൽ വ്യാപകമാക്കുന്ന ഒരു പുതിയ പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ കെപ്കോ നടത്തി വരുന്നു. |
| ബി) | ഈ ആവശ്യത്തിനായി സർക്കാർ ഉടമസ്ഥതയിൽ പുതിയ പൗൾട്രി & ഫാമുകളും,ഹാച്ചറികളും സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | ബി) സി) ഉണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ രണ്ടു പുതിയ ഹാച്ചറികൾ നിർമ്മാണ ഘട്ടത്തിലാണ്. കൊല്ലം ജില്ലയിലെ ആയൂരിലെ തോട്ടത്തറ ഹാച്ചറി മെച്ചപ്പെടുത്താൻ 5.82 കോടി രൂപ ചെലവഴിച്ച് പൂർത്തിയാക്കും. മലപ്പുറം ജില്ലയിലെ എടവണ്ണയിൽ പുതിയ ഹാച്ചറി സ്ഥാപിക്കുവാൻ 3 കോടി രൂപ ചെലവഴിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങി. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് കെപ്കോയുടെ ആഭിമുഖ്യത്തിൽ മുട്ടക്കോഴി/ |
| സി) | ഇല്ലെങ്കിൽ ആയതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | |

ഇറച്ചിക്കോഴികൾ വളർത്തുന്നതിനുള്ള
പുതിയ ഫാമുകളും ഹാച്ചറികളും
തുടങ്ങുന്നതാണ്. കൂടാതെ നിലവിലുള്ള
ഹാച്ചറികൾ നവീകരിക്കുന്നതിനുള്ള
നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ